# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4959 | 14.11.2019-ൽ മറുപടിക്ക്

### റവന്യൂ വകുപ്പ് ജീവനക്കാരുടെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| എ) റവന്യൂ വകുപ്പിലെ ഫീൽഡ് ജോലികൾ കൂടുതലുള്ള വില്ലേജ് ഓഫീസുകളിലെയും താലൂക്ക് ഓഫീസുകളിലെയും ജീവനക്കാർക്ക് ജോലി ഭാരം കൂടുതലായതിനാൽ പ്രമോഷൻ ടെസ്റ്റുകൾക്ക് തയ്യാറാകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) റവന്യൂ വകുപ്പിലെ ഫീൽഡ് ജോലികൾ കൂടുതലുള്ള വില്ലേജ്, താലൂക്ക് ഓഫീസുകളിലെ ജീവനക്കാർക്ക് ജോലി ഭാരം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ആയത് കാരണം പ്രമോഷൻ ടെസ്റ്റുകൾക്ക് തയ്യാറാകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ അപ്രകാരമൊരു പരിശോധന നടത്തേണ്ടി വന്നിട്ടില്ല. |
| ബി) അതുപരിഗണിച്ച് റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിന് സാവകാശം അനുവദിച്ച നൽകാൻ നടപടികൾ സ്വീകരിക്കുമോ; | ബി) റവന്യൂ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളുകളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്. കൂടുതൽ സാവകാശം അനുവദിച്ച നൽകുന്നതിന് നിലവിലെ നിയമപ്രകാരം സാധിക്കുന്ന തല്ല. |
| സി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരീക്ഷകൾക്ക് സർക്കാർ അംഗീകരിച്ച നൽകിയിട്ടുള്ള മാനദണ്ഡ പ്രകാരമുള്ള പുസ്തകങ്ങൾ ലഭ്യമല്ലാത്തതു കാരണം | സി) ലാൻഡ് റവന്യൂ മാന്വൽ വാല്യം VI മാത്രമാണ് ലാൻഡ് റവന്യൂ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നത്. പരീക്ഷകൾക്ക് ആവശ്യമായ മറ്റ് പുസ്തകങ്ങൾ റവന്യൂ |

| | | | |
|---|---|---|---|
| | ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പുസ്തകങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | വകുപ്പ് പ്രസിദ്ധീകരിക്കുന്നില്ല. മറിച്ച് ഗവൺമെന്റ് പ്രസ്സ് മുഖേനയും അംഗീകൃത സ്വകാര്യ പ്രസാധകർ മുഖേനയും വിപണനം ചെയ്യുന്നവയാണ്. ലാൻഡ് റവന്യൂ മാന്വൽ വാല്യം VI കമ്മീഷണറേറ്റ്, കളക്ടറേറ്റ് തുടങ്ങിയ ഓഫീസുകൾ മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. |
| ഡി) | യഥാസമയം ടെസ്റ്റുകൾ പാസ്സാകാത്ത വർക്ക് ടെസ്റ്റ് പാസ്സായശേഷവും പ്രമോഷൻ നൽകേണ്ടതില്ല എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അത് പിൻവലിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ഡി) | ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഒഴിവ് ഉണ്ടാകുന്ന ദിവസം യോഗ്യത നേടിയ സീനിയറായ ഉദ്യോഗസ്ഥന് നിയമപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചു വരുന്നുണ്ട്. |
| ഇ) | സി.ആർ.പി.സി., ഐ.പി.സി., ഐ.ഇ.എ. തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി നടത്തുന്ന ക്രിമിനൽ ജുഡിഷ്യൽ പരീക്ഷ എല്ലാ വർഷവും നടത്തുന്നില്ല എന്ന ആക്ഷേപം റവന്യൂ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | ഇ) | ക്രിമിനൽ ജുഡിഷ്യൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് സ്വീകരിക്കുന്നത്. ആയതിനാൽ ഇക്കാര്യം റവന്യൂ വകുപ്പ് പരിശോധിച്ചിട്ടില്ല. |
| എഫ്) | എൽ.എൽ.ബി. ബിരുദം നേടിയ റവന്യൂ വകുപ്പിലെ ജീവനക്കാരെ പ്രൊമോഷന് വേണ്ടി പരിഗണിക്കുമ്പോൾ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സാകണമെന്നത് ഒഴിവാക്കിയതിന്റെ കാരണം വിശദമാക്കാമോ ; | എഫ്) | കേരളാ റവന്യൂ സർവ്വീസ് സ്പെഷ്യൽ റൂൾ, 1980-ലെ ചട്ടം 6(a) പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച നിയമ ബിരുദം അല്ലെങ്കിൽ ക്രിമിനൽ ജുഡിഷ്യൽ ടെസ്റ്റ് വിജയിച്ചിരിക്കണം എന്നത് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്ന തിനാലാണ് എൽ.എൽ.ബി. ബിരുദം നേടിയ റവന്യൂ വകുപ്പിലെ ജീവനക്കാരെ പ്രൊമോഷന് വേണ്ടി പരിഗണിക്കുമ്പോൾ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| ജി) | എൽ.എൽ.ബി.യുടെ സിലബസിലില്ലാത്ത മെഡിക്കൽ ജൂറിസ്പ്രൂഡൻസ്, ടോക്സിക്കോളജി എന്നീ പരീക്ഷകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് മാത്രം നിർബന്ധമാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ആയത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | ജി) | റവന്യൂ വകുപ്പിലെ തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥർ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ പദവി കൂടി വഹിക്കുന്നവരാകയാൽ, അസ്വാഭാവിക മരണങ്ങൾ, കസ്റ്റഡി മരണങ്ങൾ എന്നിവയിലെല്ലാം ഇൻക്വസ്റ്റ് തയ്യാറാക്കുന്നത് ടി എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിലും, ചുമതലയിലുമാകയാൽ മെഡിക്കൽ ജൂറിസ്പ്രൂഡൻസ് പരീക്ഷ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് ആവശ്യമാണ്. ക്രിമിനൽ, ജുഡീഷ്യൽ ടെസ്റ്റിൽ, ടി പരീക്ഷ ഒഴിവാക്കുന്നത് അഭികാമ്യമല്ല. |

സെക്ഷൻ ഓഫീസർ